| വർക്ക്ഷീറ്റ് 3 | കേരളപാഠാവലി | 10-07-2020 |
|---|---|---|

# ഋതുയോഗം

ഇന്നത്തെ ക്ലാസ് കാണാൻ ഈ ഐക്കൺ ക്ലിക്ക് ചെയ്യുക --->

1.“എന്റെ മനോവിചാരം പൂർണമായി സിദ്ധിച്ചു”- ദുഷ്ഷന്തമഹാരാജാവ് ഇങ്ങനെ ചിന്തിയ്ക്കാനിടയായ സാഹചര്യമെന്ത് ?

2. “മലിനം വസനദ്വയം ; വ്രതത്താൽ മെലിവേറ്റം കുഴൽ കറ്റയൊറ്റയായി ”-ശകുന്തളയുടെ വിരഹാവസ്ഥ ആവിഷ്കരിയ്ക്കാൻ ഈ വരികൾ എത്രത്തോളം സഹായകമാണ് ? മൂന്നോ നാലോ വാക്യത്തിൽ കുറിക്കുക

3.“പ്രിയേ,ഞാൻ പ്രവർത്തിച്ചത് ക്രൂരതയാണെങ്കിലും അത് നിന്റെ പേരിലാകയാൽ അനുകൂലമായി കലാശിച്ചു ” _ സന്ദർഭം കൂടി പരിഗണിച്ച് മൂന്നോ നാലോ വാക്യങ്ങളിൽ ആശയം വ്യക്തമാക്കുക.

4.**തലമുടി** എന്നർഥം വരുന്ന പദം താഴെ കൊടുത്തവയിലേത് (വസനം,കുഴൽ,മൂർദ്ധാവ്)

5. "എന്റെ **മനോവിചാരം** പൂർണമായി സിദ്ധിച്ചു"
മനോവിചാരം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം താഴെ കൊടുത്തവയിൽ നിന്നും എടുത്തെഴുതുക.

i) മനസും വിചാരവും
ii) മനസിലെ വിചാരം
iii) മനസാകുന്ന വിചാരം

6.മാതൃക പോലെ പിരിച്ചെഴുതുക.
ഉദാ:-പലനാളിവളുണ്ട് --പല ,നാൾ ,ഇവൾ ,ഉണ്ട് .
പാമ്പിതെന്നോതിയന്ധൻ -------------

7."രാഹുവിനെ വിട്ടു ചന്ദ്രൻ
രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ" - സന്ദർഭം കൂടി പരിഗണിച്ച് കാവ്യപരമായ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

8."മോഹമകന്നു തെളിഞ്ഞേൻ" -ഇവിടെ മോഹം എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്? മൂന്നോ നാലോ വാക്യത്തിൽ ആശയം വിശദമാക്കുക.